No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2021

## എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിചേർക്കുന്നതിനുള്ള അവസരം

**KEAM-2021** മുഖേന എഞ്ചിനീയറിംഗ്/ ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം എഞ്ചിനീയറിംഗ്/ ഫാർമസി/ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്.

**KEAM-2021** ൽ അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് **24.06.2021, വൈകുന്നേരം 3.00 മണി** മുതൽ **26.06.2021 വൈകുന്നേരം 3.00** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കീം 2021 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ്സൈറ്റിലെ '**KEAM 2021-Candidate Portal**' എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്സ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം '**Add Course**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് എഞ്ചിനീയറിംഗ്/ ഫാർമസി/ആർക്കിടെക്ചർ/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം **26.06.2021 വൈകുന്നേരം 3.00** മണിക്ക് അവസാനിക്കുന്നതാണ്. അവസാന തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

വിശദമായ വിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
23.06.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**